Leave to move Motion of confidence

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സർ, എനിക്ക് ഒരു പ്രസ്താവന ചെയ്യാനുണ്ട്. ഇന്നലെ രാത്രി വളരെ വൈകിയ അവസരത്തിൽ ഭരണകക്ഷി അംഗങ്ങളായിട്ടുള്ള ഏതാനും എം. എൽ. എ. മാർ ഭരണകക്ഷിയിൽനിന്നും മാറി പ്രതിപക്ഷത്ത് ഇരിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന വിവരം ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതികൊടുത്തതായി അറിയുന്നുണ്ട്. ഈ പരിതസ്ഥിതിയിൽ ഇന്ന് ഈ ഡിമാൻറു മൂവുചെയ്തു ഈ ബഡ്ജറ്റുചർച്ച മുന്നോട്ടുകൊണ്ടുപോകണമെന്ന് ഗവൺമെൻറു ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇന്ന് ഈ ഡിമാൻറു മൂവുചെയ്യുന്നില്ല. അതിനു പകരം ഇന്നത്തെ ഈ പരിതസ്ഥിതിയിൽ ഈ മന്ത്രിസഭയ്ക്ക് ഈ സഭയുടെ വിശ്വാസമുണ്ടോയെന്ന് അറിയണമെന്നാണ് ഗവൺമെൻറു ആഗ്രഹിക്കുന്നത്. അതിന് ആവശ്യമായിട്ടുള്ള ഒരു മോഷൻ മൂവുചെയ്യാൻ എനിക്ക് അനുവാദംതരണമെന്ന് അഭ്യർത്ഥിക്കുകയാണ്. / മോഷൻ ഇതാണ്. 9 A.M.

"This House expresses its confidence in the Council of Ministers headed by Shri C. Achutha Menon".

ശ്രീമതി കെ. ആർ. ഗൗരി: സാധാരണഗതിയിൽ പ്രതിപക്ഷങ്ങളുമായിട്ട് ആലോചിച്ചാണ് ഡിമാൻറിനെപ്പറ്റിയും മറ്റും തീരുമാനങ്ങൾ എടുക്കുന്നത്. അങ്ങനെ എല്ലാവരുമായിആലോചിച്ച് ഇന്നു എടുക്കാൻവച്ചിരിക്കുന്ന ഡിമാൻറ് അവതരിപ്പിക്കാതിരിക്കുകയെന്നുള്ള തീരുമാനത്തെ ഞാൻ എതിർക്കുകയാണ്. ഇന്നു ഡിമാൻറു അവതരിപ്പിക്കണം. പാസ്സാകുകയോ പാസ്സാകാതിരിക്കുകയോ ചെയ്തതിനുശേഷം പിന്നെ ആവശ്യമാണെന്നുകണ്ടാൽ കാൺഫിഡൻസ് മോഷനോ അൺകാൺഫിഡൻസ് മോഷനോ കൊണ്ടു വരാവുന്നതാണ്. ഈ സഭയുടെ നടപടിച്ചട്ടങ്ങളെയും നിയമങ്ങളെയും മറികടന്നുകൊണ്ടുള്ള യാതൊരു നടപടിയും സ്വീകരിക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. ഈ മോഷൻ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബേബിജോൺ: സർ, ഈ ഗവൺമെൻറു ധനാഭ്യർത്ഥനകൾ അവതരിപ്പിക്കണമോ വേണ്ടയോയെന്നു തീരുമാനിക്കേണ്ടതു ഗവൺമെൻറു ഭാഗത്തുനിന്നുമാണ്. ഇവിടെ ഒരു പുതിയ സംഭവവികാസമുണ്ടായിട്ടുണ്ട്. ഇന്നു രാവിലത്തെ പത്രത്തിൽ ചില ആളുകൾ ഗവൺമെൻറ്, ഭാഗത്തുനിന്നും മാറിയിരിക്കുന്നതായി റിപ്പോർട്ടുണ്ടായിരുന്നു. അതു ശരിയാണോയെന്നുള്ളതിനെ സംബന്ധിച്ച് പൂർണ്ണബോധ്യവുമില്ല. അങ്ങനെ ഒരുനിശ്ചിതാവസ്ഥയിലൂടെ മുമ്പോട്ടു പോകുന്നതിനുപകരം ഈ ഗവൺമെൻറിൽ വിശ്വാസമുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് അറിയുന്നതിന് ഒരു അവസരമുണ്ടാക്കുകയെന്നുള്ളത് അടിയന്തിരമായ ആവശ്യമാണ്, ശരിയായ ജനാധിപത്യ കീഴ്വഴക്കമാണ് എന്നാണ് എൻെറ അഭിപ്രായം. കാരണം എന്തൊക്കെ പറഞ്ഞാലും ശരി ഈ ധനാഭ്യർത്ഥനകളെ ഒരുപക്ഷേ വോട്ടു ചെയ്തു പരാജയപ്പെടുത്തിയാൽത്തന്നെയും അതു സാങ്കേതികമായി നോക്കിയാൽ ഒരു അവിശ്വാസപ്രമേയമായി കണക്കാക്കേണ്ടതില്ല. അങ്ങനെയുള്ള സാങ്കേതികത്വത്തിലേക്കൊന്നും കടക്കാതെ, അങ്ങനെ ഒരു കുഴപ്പവും കൂടാതെ ധനാഭ്യർത്ഥനകൾ അവതരിപ്പിക്കാതെ അതിനുപകരം ഒരു വിശ്വാസവോട്ടെന്നുള്ള അഭ്യർത്ഥനയുമായി മുഖ്യമന്ത്രി വന്നിരിക്കുകയാണ്. അതു സ്വീകരിക്കുകയും സഭാനടപടികൾ നിറുത്തിവച്ചുകൊണ്ട് വിശ്വാസവോട്ടിനുള്ള പ്രമേയത്തെപ്പറ്റി ചർച്ച ചെയ്യാനുള്ള ഒരു ദിവസം തീരുമാനിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്യണമെന്നാണ് എനിക്കു അങ്ങയോടു വിനീതമായി അപേക്ഷിക്കാനുള്ളത്.

ശ്രീ. കെ. കെ. അബ്ബു: സർ ഇത് ഒരു പതിവില്ലാത്ത സംപ്രദായമാണ്. ബഡ്ജറ്റുസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോഴും ഭരണകക്ഷിയിലെ ആളുകളും മാറുകയും അങ്ങനെ നിസ്സാരമായ ഭൂരിപക്ഷമുള്ളതുകൊണ്ട് തള്ളിപ്പോകുമെന്ന് സംശയമുള്ളതുകൊണ്ടും ആണ് ഇങ്ങനെ ഒരു വിശ്വാസവോട്ടുമായി മുന്നോട്ടുവരുന്നത്. അതുകൊണ്ട് ഞങ്ങളൊക്കെ ഇതിന് എതിരാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഭരണകക്ഷിയിൽനിന്നും പ്രതിപക്ഷത്തേയ്ക്ക് മാറിയോ മാറിയില്ലെയൊയെന്നുള്ള ചോദ്യമെല്ലാം തന്നെ അപ്രസക്തമാണ്. മാറിയിരുന്നു എന്നു പറഞ്ഞവർ ഒന്നുംതന്നെ ഭരണകക്ഷിയോടു ബന്ധപ്പെട്ടവരല്ല, സ്വതന്ത്രൻമാരാണ്. അതിനും പുറമെ ബഡ്ജറ്റു ചർച്ചയെന്നു പറഞ്ഞാൽ ഗവൺമെൻറു പണം ചോദിക്കലാണ്. പണം ചോദിക്കുന്ന അവസരത്തിൽ അതു കൊടുക്കണമോ കൊടുക്കരുതെന്നോ തീരുമാനിക്കേണ്ടത് ഈ സഭയാണ്. അങ്ങനെയുള്ള ഒരു നടപടിക്രമമുള്ളതുകൊണ്ടാണ് ബഡ്ജറ്റുസമ്മേളനകാലത്ത് വിശ്വാസവോട്ട്, അവിശ്വാസവോട്ട് എന്നുള്ളത് പതിവില്ലാത്തത്. വിശേഷിച്ചും ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞതുപോലെ അങ്ങനെ ഇതു തോറ്റാൽ തന്നെയും അതു അവിശ്വാസമായിട്ട് അംഗീകരിക്കേണ്ടതില്ലെന്നു ഒക്കെയുള്ള വാദംകൂടി ഉന്നയിക്കുന്നവരാണ് ഇതുകൊണ്ടുവരുന്നതെന്നുകേൾക്കുമ്പോഴും എനിക്ക് ഒന്നും പറയാനില്ല. ഈ സ്ഥിതിക്ക് മര്യാദയും മാനവും ഉണ്ടെങ്കിൽ പതിവുപോലെ ധനാഭ്യർത്ഥനയുടെ വോട്ടെടുപ്പു നടത്തുകയും അതിൽതോറ്റാൽ, തോറ്റുകഴിഞ്ഞാൽ പിന്നീട് ചെയ്യിക്കാൻ സാധ്യതയുണ്ടെന്നു മന്ത്രിസഭയ്ക്കു തോന്നുന്ന പക്ഷം [illegible] വിശ്വാസവോട്ടെടുക്കുന്നു കാര്യം ആലോചിക്കുകയും ചെയ്യാം. അതാണ് സാമാന്യമര്യാദ. അതുകൊണ്ട് നിശ്ചയിച്ചതുപോലെ വിശേഷിച്ചും പ്രതിപക്ഷത്തോടൊന്നും ആലോചിക്കാതെ മുഖ്യമന്ത്രി; പെട്ടെന്ന്—യാദൃശ്ചികമായി ഞാൻ ഈ സമയത്തു വന്നു എന്നുമാത്രമേയുള്ളൂ. കുറച്ചുകൂടി കഴിഞ്ഞിട്ടാണ് വന്നതെങ്കിൽ ഇതു കേൾക്കാൻകൂടി ഇടയാകുമായിരുന്നില്ല; ഇതുപോലെ യാദൃശ്ചികമായി പെട്ടെന്ന് എന്തെങ്കിലും ചെയ്തിട്ട് ഒരുമാതിരി കടന്നുകൂടികളയാമെന്നാണ് വിചാരമെങ്കിൽ ആ വെള്ളം താഴെ വയ്ക്കുകയാണ് നല്ലത്. അതുകൊണ്ട് മുൻനിശ്ചയിച്ചതനുസരിച്ച് ഇന്നത്തെ വോട്ടു കഴിഞ്ഞിട്ട് പിന്നെ മുഖ്യമന്ത്രിയുടെ വിശ്വാസവോട്ട് വേണമെന്നുണ്ടെങ്കിൽ ആകാം.

ഡാ. ജോർജ്ജ് തോമസ്: സർ, ഇവിടെ വളരെ ചെറുതായിരുന്ന ഒരു പ്രതിപക്ഷമായി കഴിഞ്ഞ മൂന്നുവർഷക്കാലം കഴിഞ്ഞ ഒരാളാണ് ഞാൻ. അന്ന് ഇവിടെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു മന്ത്രിസഭയുണ്ടായിരുന്നു. ജനാധിപത്യത്തിൽ തന്നെ അവർക്ക് വലിയ വിശ്വാസമില്ലെന്നുള്ള വസ്തുത, അതു മറച്ചുവയ്ക്കാതെ പറയുകയും ചെയ്തിരുന്ന ഒരു കക്ഷിയാണ് അത്. അങ്ങനെയുള്ള ഒരു കക്ഷിയുടെ നേതൃത്വത്തിൽ ഭരണംനടന്ന കാലത്തും പ്രതിപക്ഷത്തെയും മറ്റു ഭരണകക്ഷിനേതാക്കളെയും ഇത്രമാത്രം അവഗണിച്ചുകൊണ്ട് ഇവിടെ ഭരണംനടന്നുവെന്ന് എനിക്ക് തോന്നുന്നില്ല. സർ, ഇത്ര സുപ്രധാനമായ ഒരു തീരുമാനംഗവൺമെൻറ് എടുക്കുന്ന അവസരത്തിൽതീർച്ചയായും പ്രതിപക്ഷത്തുള്ള നേതാക്കൻമാരുമായും മറ്റു കക്ഷികളുടെ നേതാക്കൻമാരുമായും ആലോചിക്കേണ്ടത് തികച്ചും ധാർമ്മികമായ ഒരു കടമമാത്ര

LIBRARY, ARCHIVES, Kerala Legislative Assembly

മായിരുന്നു. ഇവിടെ ചെയ്തത് പൊടുന്നനെ, ആകസ്മികമായി ഒരു വിശ്വാസവോട്ടുമായി, ഒരു പ്രമേയവുമായി അതും ഇന്ന് രാവിലെ—ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയിട്ടുണ്ട് ചില തീരുമാനങ്ങളും എടുത്തിട്ടുണ്ട്, ആ തീരുമാനങ്ങളൊക്കെ കടകവിരുദ്ധമായി ഇങ്ങനെ ഒരു വിശ്വാസവോട്ടുമായി വന്നത് ഭൂരിപക്ഷത്തെ സംരക്ഷിക്കാനുള്ള വ്യഗ്രത കൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. സർ, അതുകൊണ്ട് സാധാരണ നടക്കേണ്ട നടപടികളും ഈ സഭയിൽ തുടരാൻ അങ്ങ് അനുവദിക്കണം. നിയമസഭയെ ഹാംസ്ട്രിംഗ് ചെയ്യാനുള്ള ഏതുകക്ഷിയുടെ നടപടിയേയും അതിന് അങ്ങ് കൂട്ടുനിൽക്കരുതെന്ന് എനിക്ക് അപേക്ഷയുണ്ട്. അതുകൊണ്ട് നേരത്തെ തീരുമാനിച്ചതുപോലെ, കഴിഞ്ഞ ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചതുപോലെ—അവധി കൊടുത്തു, ചില ദിവസങ്ങളിൽ നടപടികളും വേണ്ടെന്നു വച്ചു, അങ്ങനെ ചില നടപടിക്രമങ്ങളും മാറ്റിയതിനുശേഷം അതനുസരിച്ചുള്ള കമ്മിറ്റിയുടെ ഒരു റിപ്പോർട്ടും സഭ അംഗീകരിച്ചതിനുശേഷം ഇങ്ങനെ ആകസ്മികമായ ഒരു തീരുമാനവുമായി ഗവൺമെൻറുഭാഗത്തുനിന്നും വരുന്നത് അത്ഭുതകരമായിട്ടു തോന്നുന്നു സർ. ഇത് വളരെയധികം ആക്ഷേപകരമായിട്ടുള്ള ഒരു നടപടിയാണെന്നു പറയേണ്ടിവന്നതിൽ വേദന തോന്നുന്നുണ്ട്. അതുകൊണ്ട് അങ്ങു കൂട്ടുനിൽക്കരുത്. നേരത്തെയുള്ള സഭയുടെ തീരുമാനം അനുസരിച്ച്—റിപ്പോർട്ടു സ്വീകരിച്ചു എന്നു പറഞ്ഞാൽ സഭയുടെ തീരുമാനമാണ്. സഭയുടെ തീരുമാനമനുസരിച്ച് ഉള്ള നടപടിക്രമങ്ങളും നടത്താൻ അങ്ങ് അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, പാർലമെൻററി ഡമോക്രസി നടപ്പിലിരിക്കുന്ന രാജ്യങ്ങളിൽ വിശേഷിച്ച് നമ്മുടെ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ പലവിധ സംഭവവികാസങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആ സംഭവവികാസങ്ങളും നമുക്ക് ഇതിനുമുമ്പ് നിയമസഭയുടെ നടപടിക്രമങ്ങളിലും ചട്ടങ്ങളിലും കാണാൻ സാധിച്ചിട്ടുള്ളതിനേക്കാൾ വിഭിന്നമായിട്ടുള്ളതാണ്. ഇവിടെ ഇന്നു സംഭവിച്ചതും അടുത്തകാലത്ത് മറ്റു സംസ്ഥാനങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതിൻെറ പ്രതിഫലനമാണ്. പല കാര്യങ്ങളിലും കേരളമാണ് മാതൃകകാണിച്ചിട്ടുള്ളത്. സാധാരണഗതിയിൽ ഡിമാൻറുകളും തള്ളപ്പെട്ടുപോയാൽ അതു തീർച്ചയായും ഗവൺമെൻറിനോടുള്ള വിശ്വാസക്കുറവാണ്. സാങ്കേതികമായി എന്തുപറഞ്ഞാലും അതു തന്നെയാണ് പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള സമീപനം. തൻെറ കക്ഷിയിലെ ചില ആളുകളും യാതൊരു മുന്നറിയിപ്പുംകൂടാതെ മാറിയതായി അറിഞ്ഞാൽ, തോന്നിയാൽ ആ സാഹചര്യത്തിൽ ഞാൻ എന്താണ് സ്വീകരിക്കേണ്ട നടപടിയെന്ന് ആലോചിക്കുവാനുള്ള സാവകാശം ഒരു മുഖ്യമന്ത്രിക്കു കൊടുക്കാവുന്നതാണ്. അതിനു ഒരു വിശ്വാസപ്രമേയവുമായിട്ടു വരണമോ, തൻെറ കക്ഷിയിൽനിന്നും ചില ആളുകളും മാറിയ സാഹചര്യത്തിൽ ഭരണവുമായി മുന്നോട്ടുപോകണമോ, ഭരണവുമായിട്ടു മുന്നോട്ടുപോകാനുള്ള പിൻതുണ തൻെറ കക്ഷിക്കുണ്ടോയെന്നു പരിശോധിക്കും. ആ സാഹചര്യത്തിൽ തൻെറ നിലപാട് എന്താണെന്നു വിശദീകരിക്കാനും ഒരു മുഖ്യമന്ത്രിക്ക് അവകാശമുണ്ട്. ആ അവകാശത്തെ ഏതുനിലയിൽ കൈകാര്യം ചെയ്യണമെന്ന് കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിൽ അങ്ങാണ് തീരുമാനം ചെയ്യേണ്ടത്. മുഖ്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുന്നില്ലെന്നു പറഞ്ഞാൽ മുഖ്യമന്ത്രിയേയോ മുഖ്യമന്ത്രിയുടെ സഹപ്രവർത്തകൻമാരെയോ ബഡ്ജറ്റ് അവതരിപ്പിക്കാൻ പ്രേരിപ്പിക്കാനുള്ള അവകാശം അങ്ങയ്ക്കുണ്ടോ ഇല്ലയോ എന്നും ബഡ്ജറ്റ് അവതരിപ്പിക്കാൻ കൂട്ടാക്കാത്തസാഹചര്യത്തിൽ പിന്നീടുള്ള നടപടിക്രമങ്ങളും എന്തായിരിക്കണമെന്നും ഉള്ളതിനെസംബന്ധിച്ചിടത്തോളം കീഴ്

LIBRARY ARCHIVES Kerala Legislative Assembly

വഴക്കങ്ങളും പരിശോധിച്ച് ശരിയായ ഒരു തീരുമാനമെടുക്കണമെന്ന് അങ്ങയോട് അപേക്ഷിക്കുകയാണ്.

ശ്രീ ടി. കെ. ദിവാകരൻ: ഇവിടെ ഒരു അസാധാരണ പരിതസ്ഥിതിയാണുണ്ടായിരിക്കുന്നത്. അസാധാരണ പരിതസ്ഥിതിയിൽ കീഴ്വഴക്കങ്ങളും സൃഷ്ടിക്കേണ്ട ചുമതലയും തീർച്ചയായും സഭാദ്ധ്യക്ഷനെന്നുള്ള നിലയിൽ അങ്ങയ്ക്കുള്ളതാണ്. സർ, ഇവിടെ പ്രശ്നം, ഈ ഗവൺമെൻറിന് ഈ സഭയുടെ പിൻതുണയുണ്ടോ ഇല്ലയോ എന്ന് അറിയാതെ നടപടികളും കൊണ്ടുപോകുന്നതിന് നിർവ്വാഹമില്ലെന്ന് ഗവൺമെൻറിൽ നേതൃത്വം വഹിക്കുന്ന മുഖ്യമന്ത്രി സഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. സർ, ഗവൺമെൻറിന് നിയമസഭയോടുത്തരവാദിത്വമുണ്ട്. നിയമസഭയുടെ വിശ്വാസമുണ്ടോ ഇല്ലയോ എന്നു അറിയുന്നതോടൊപ്പംതന്നെ മറ്റ് എക്സിക്യൂട്ടീവ് പ്രവർത്തനങ്ങളും അതോടൊപ്പംതന്നെ സമാന്തരമായി നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുതയും അങ്ങ് കണക്കിലെടുക്കേണ്ടതുണ്ട്. സർ, ഗവർമ്മെൻറിന് പിൻതുണയുണ്ടോ ഇല്ലയോ, ഇന്നു പോകും നാളെപോകും എന്നുള്ള ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലും പ്രചരണങ്ങളുടെ അടിസ്ഥാനത്തിലും ഗവൺമെൻറിൻെറ നിയമസഭയ്ക്കു പുറത്തുള്ള പ്രവർത്തനങ്ങൾക്കും പലരീതിയിലുള്ള വിഷമതകളുണ്ട്. നിയമസമാധാനത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള പല പ്രവർത്തനങ്ങളും രാജ്യത്തുടനീളം നടക്കുന്ന ഒരവസരത്തിൽ ഈ ഗവർമ്മെൻറിന് ഭൂരിപക്ഷമുണ്ടോ, ഈ ഗവർമ്മെൻറു നിലനിൽക്കുമോ, ഈ ഗവൺമെൻറു തുടർന്നുപോകുമോ എന്നുള്ള ഒരു അനിശ്ചിതത്വം ഇട്ടുകൊണ്ടുപോവുക അത്ര ശരിയല്ല. ആ നിലയ്ക്ക് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷകക്ഷികളെസംബന്ധിച്ചിടത്തോളവും നേരായ മാർഗ്ഗം ഈ ഗവൺമെൻറിൽ ഈ സഭയ്ക്കു വിശ്വാസമുണ്ടോ ഇല്ലയോ എന്നു അറിയുന്നതിനുള്ള ഏറ്റവും അടുത്ത സന്ദർഭം, ഏറ്റവും ജനകീയമായ രീതിയിൽ പ്രകടിപ്പിക്കുയെന്നുള്ളതാണ്.

പ്രതിപക്ഷനേതാവുതന്നെ ഇപ്പോൾ പറഞ്ഞു നാം യാദൃശ്ചികമായിട്ടാണ് ഇവിടെ ഈ കാര്യങ്ങളെപ്പറ്റി മറുപടി പറയാൻഇടയായതെന്ന്. സർ, അങ്ങനെ യാദൃശ്ചികമായി പ്രതിപക്ഷനേതാവ് ഈ കാര്യങ്ങളെപ്പറ്റി മറുപടി പറയേണ്ടിവന്ന സന്ദർഭം കൂടാതെ നേരിട്ട് ഈ കാര്യങ്ങളെപ്പറ്റി അഭിപ്രായം പറയേണ്ടവർ കരുതിക്കൂട്ടിവന്ന് അവരുടെ അഭിപ്രായം വ്യക്തമായി രേഖപ്പെടുത്തുന്നതിനുള്ള ഒരു അവസരം നൽകുകയായിരിക്കും ആരോഗ്യപരമായ കീഴ്വഴക്കവും കുറെക്കൂടി മാന്യവും മര്യാദയുമായ പ്രവർത്തിയെന്നാണ് എനിക്കു പറയാനുള്ളത്. എന്തിനാണ് യാദൃച്ഛികമായി ഊഹാപോഹങ്ങളിൽ നിന്നുംകൊണ്ട് ഒരു ഡിമാൻറു മൂവുചെയ്യുകയും അതിൻമേൽ ഒരു പോളിംഗ് നടത്തി അതിനെ ഈ ഗവൺമെൻറിൻെറമേലുള്ള വിശ്വാസവും അവിശ്വാസവുമായി എടുക്കുന്നത്. ഗവർമ്മെൻറുതന്നെ ആ കാര്യത്തിൽ ഒരു വിശ്വാസവോട്ടു വേണമെന്ന് മുഖ്യമായി പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് തീർച്ചയായും അതിൻമേൽ ഒരു വാദവും വോട്ടെടുപ്പും നടത്തി ആരോഗ്യകരമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുന്നതായിരിക്കും ഏറ്റവും നല്ലത്. ആ നിലയ്ക്കാണ് ഗവൺമെൻറു ഭാഗത്തുനിന്നും പ്രാൻറുകളോ മറ്റു രീതിയിലുള്ള നടപടികളോ എടുക്കുന്നതിനു മുമ്പായി ഈ സഭയ്ക്കു ഈ മന്ത്രിസഭയോട് വിശ്വാസമുണ്ടോ ഇല്ലയോ എന്ന് അഭിപ്രായം രേഖപ്പെടുത്താൻവേണ്ടി ഒരു മോഷൻമൂലം ആവശ്യപ്പെടുന്നത്. അതുകൊണ്ട് ഇന്നുള്ള അനിശ്ചിതത്വം അവസാനിപ്പിക്കുന്നതിനും ആരോഗ്യകരമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുന്നതിനും ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അവസരംകൊടുക്കുന്നതിനും ഒരു ചർച്ച നടത്തുകയും അതിൻ

LIBRARY ARCHIVES Kerala Legislative Assembly

മേൽ ഒരു തീരുമാനം എടുക്കുകയും ചെയ്യുന്നതായിരിക്കും നല്ലത്. ഇന്ന് ഒരു ഗ്രാൻറിൻമേലുള്ള വോട്ട് എന്നുപറയുന്നത് ഇന്നത്തെ സംഭവവികാസങ്ങൾക്കെല്ലാം ഉപരിയായ ഒന്നായിരിക്കുകയില്ല എന്നു എല്ലാവർക്കും മറിയാം. പ്രതിപക്ഷനേതാവുതന്നെ പറഞ്ഞു അദ്ദേഹം യാദൃഛികമായിട്ടാണ് ഇവിടെ ഹാജരായതെന്ന്. അങ്ങനെ യാദൃശ്ചികമായി വരികയും പോകുകയും ചെയ്യുന്നവർ ചിലപ്പോഴും ഒരു ഗ്രാൻറിൻമേലുള്ള വോട്ടിംഗിലും ഉണ്ടായി എന്നു വരാവുന്നതാണ്. അതിനേക്കാൾ നല്ലത് ഇത്രാം തീയതി ഇന്നതു നടക്കുന്നു എന്നുള്ളതത്. വ്യക്തമായി ബോദ്ധ്യപ്പെടുകയും അതിൻെറ അടിസ്ഥാനത്തിൽ സഭാനടപടികളായിരുന്നാലും ശരി, ഗവൺമെൻറിൻെറ പ്രവർത്തനമായിരുന്നാലും ശരി, അനിശ്ചിതത്വത്തിന് ഇടയാക്കാതെ വ്യക്തമായ ഒരു തീയതിനിശ്ചയിച്ച് ആ കാര്യത്തെസംബന്ധിച്ചിടത്തോളം ഒരു തീരുമാനമെടുക്കുന്നതായിരിക്കും ഏറ്റവും നല്ലത് എന്നാണ് ഞാൻ പറയുന്നത്. ഏതായാലും പ്രശ്നം ഈ ഗവർമ്മെൻറിന് ഈ സഭയുടെ പിൻതുണ ഉണ്ടോ ഇല്ലയോ എന്നുള്ളതാണ്. അത് എങ്ങനെ തീരുമാനിക്കപ്പെടണം? സാങ്കേതികമായി ആ കാര്യത്തിലേക്കു പോകുകഎന്നുള്ളതു ശരിയല്ല. ഏറ്റവുംനല്ല നടപടിക്രമം എന്നുള്ള രീതിയിലാണ് മറ്റുനടപടികളെല്ലാം നിറുത്തിവച്ചിട്ട് ഗവൺമെൻറിൽവിശ്വാസമുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കാനുള്ള ഒരവസരം നൽകുന്നത്. ഒരു ഗ്രാൻറിൻമേലുള്ള വോട്ട് എന്നുള്ളതിനെക്കാൾ കുറെക്കൂടി കാര്യക്ഷമമായത് ആ അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവസരം ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത് പ്രതിപക്ഷം സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളതു. അതിൻെറ അടിസ്ഥാനത്തിൽ മറ്റു നടപടികൾനിറുത്തിവയ്ക്കുകയും ചർച്ചചെയ്യണമെങ്കിൽ അടുത്ത തിങ്കളാഴ്ചയോ മറേറാ ചർച്ച ചെയ്യുന്നതായിരിക്കും നല്ലതെന്നുമാണെനിക്കു പറയാനുള്ളത്.

ശ്രീ ടി. വി. തോമസ്: സർ, വളരെ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഒരു പ്രശ്നം ഇതൊരു ബന്ധവുമില്ലാത്ത ചില കാരണങ്ങൾ പറഞ്ഞുകൊണ്ട് പ്രതിപക്ഷം എതിർക്കുന്നതായിട്ടാണ് എനിക്കുതോന്നുന്നതു്. മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം അദ്ദേഹത്തിൻെറ ഗവൺമെൻറിന് ഈ സഭയുടെ പിന്തുണയുണ്ടോ ഇല്ലയോ എന്നറിയുന്നതുവരെ ഗ്രാൻറ് മൂവുചെയ്യാൻ ഗവൺമെൻറ് തയ്യാറില്ലെന്നാണ്. അങ്ങനെ ഗ്രാൻറു മൂവുചെയ്യുന്നില്ലെങ്കിൽ മൂവുചെയ്യണമെന്നു നിർബന്ധിക്കാൻ സ്പീക്കർക്കോ അല്ലെങ്കിൽ മൂവുചെയ്തിട്ടേ ഞങ്ങളം ഇവിടെനിന്ന് ഇറങ്ങിപ്പോകുകയുള്ളൂ എന്നുപറയാൻ പ്രതിപക്ഷത്തിനോ അവകാശമില്ല. കാരണം, ഈ അടുത്തകാലത്തുതന്നെ പശ്ചിമബംഗാളിൽ ഗ്രാൻറ് മൂവുചെയ്യാൻ അവിടത്തെ ഐക്യമുന്നണിമന്ത്രിസഭയിൽപ്പെട്ട ഒന്നിൽക്കൂടുതൽ മന്ത്രിമാർ വിസമ്മതിച്ചു. ബഡ്ജറ്റ് ചർച്ചാവേളയിലാണ് ഇതു ഉണ്ടായത്. ഡിമാൻറു മൂവുചെയ്യാൻ മന്ത്രിയെ ക്ഷണിച്ചപ്പോഴും ഞാൻ ഡിമാൻറു മൂവുചെയ്യുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു. അപ്പോഴും, മൂവുചെയ്യണമെന്നു സ്പീക്കർ നിർബന്ധിച്ചില്ല; പ്രതിപക്ഷം നിർബന്ധിച്ചില്ല. നേരെമറിച്ച് സഭാദ്ധ്യക്ഷൻ നിയമസഭായോഗം മാററിവയ്ക്കുകയാണു ചെയ്തത്. അങ്ങനെ മാററി വയ്പ്പിക്കാൻ ശ്രമിക്കാതെ, യാതൊരു തീരുമാനവുമില്ലാതെ യാതൊരു കാരണവുമില്ലാതെ മാററിവയ്പ്പിക്കാൻ ശ്രമിക്കാതെ നേരായവഴിയിൽക്കൂടി പോകണം. ഈ ഗവൺമെൻറിനെതിരായി ചില സ്റേറററുമെൻറുകളും വന്നു. ആ സ്റേറററുമെൻറുകളും ശരിയാണോ അവർ അതിൽ ഉറച്ചു നിൽക്കുന്നോ എന്നറിയാതെ, ഈ സഭയ്ക്ക് ഈ ഗവൺമെൻറിനോടു വിശ്വാസമുണ്ടോ ഇല്ലയോ എന്നറിയാതെ ഈ ഗവൺമെൻറു

LIBRARY ARCHIVES Kerala Legislative Assembly

ഡിമാൻറു മൂവുചെയ്യുന്നില്ലെന്നു പറയുമ്പോഴും മൂവുചെയ്യണമെന്നു നിർബ്ബന്ധിക്കാൻ സ്പീക്കർക്കുഅധികാരമുണ്ടോ? ഉണ്ടായിരുന്നെങ്കിൽ തീർച്ചയായിട്ടും വെസ്റ്റ് ബംഗാളിൽ സ്പീക്കർ അതു പറയുമായിരുന്നു. സി. രാജഗോപാലാചാരി ഇതുപോലെ ഒരു സന്ദർഭത്തിൽ 1952 ൽ കോൺഫിഡൻസ് മോഷൻ കൊണ്ടുവന്നിട്ടുണ്ട്. അന്നു പ്രതിപക്ഷം പറഞ്ഞില്ല, ഡിമാൻറു മൂവുചെയ്യണമെന്ന്. ബിസിനസ് അഡ്വൈസറിക്കമ്മിറ്റി തീരുമാനിച്ചതുപോലെ നടപടികളും തുടർന്നുകൊണ്ടുപോകണമെന്നു പറഞ്ഞില്ല. അങ്ങനെയൊരു അസാധാരണ പരിതഃസ്ഥിതി ഇപ്പോൾ വന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഗവൺമെൻറിന് ഈ സഭയുടെ വിശ്വാസമുണ്ടോ എന്നറിയാൻവേണ്ടി കോൺഫിഡൻസ് മോഷൻ കൊണ്ടുവന്നിരിക്കുകയാണ്. ഈ ഡിമാൻറു ഇവിടെ അവതരിപ്പിച്ച് തോറ്റുപോയാൽപ്പിന്നെ കോൺഫിഡൻസ് മോഷൻ കൊണ്ടുവരാമല്ലോ എന്ന് പ്രതിപക്ഷനേതാവു പറഞ്ഞു. അങ്ങനെയൊന്നു ഇവിടെ സംഭവിച്ചാൽ പിന്നെ എന്തായിരിക്കും സ്ഥിതിയെന്ന് എല്ലാവർക്കുമറിയാം. സർ, ഡിമാൻഡു ചെയ്യണമെങ്കിൽ ഈ ഗവൺമെൻറിന് ഈ സഭയുടെ വിശ്വാസമുണ്ടോ എന്നറിയണമെന്നു മുഖ്യമന്ത്രി പറഞ്ഞു. മൂവുചെയ്തില്ലെങ്കിൽ വെസ്റ്റ് ബംഗാളിൽ നടന്നതുപോലെ സഭ അനിശ്ചിതകാലത്തേക്ക് പിരിച്ചുവിടേണ്ടിവരും . അതുകൊണ്ട് നേരേവാ നേരേപോ എന്നുള്ള നിലപാടായിരിക്കണം സ്വീകരിക്കേണ്ടത്. അതുകൊണ്ട് ഈ ഒരു ന്യായമായ കാലയളവിൽ ഈ പ്രമേയത്തെപ്പറ്റിയുള്ള ചർച്ച മാറ്റിവയ്ക്കണമെന്നു തീരുമാനമെടുക്കണം.

ഡോക്ടർ ജോർജ്തോമസ്: സർ, നിർഭാഗ്യവശാൽ ഒരു ചെറിയ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് ഞാൻ ചില കേസുകളും ഉന്നയിച്ചത്. ഈ വിശ്വാസപ്രമേയം ഇന്നത്തെ ഡിമാൻറിനു പകരം ഇന്നുതന്നെ അവതരിപ്പിച്ചു പാസാക്കിയെടുക്കാനുള്ള ഒരു വ്യഗ്രതയായതുകൊണ്ട് ആണ് അതിനു കൂട്ടുനിൽക്കരുതെന്നു ഞാൻ പറഞ്ഞത്. ഇപ്പോഴത്തെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ പ്രമേയം അവതരിപ്പിക്കുകയും അതിൻെറ കാലാവധിക്കുശേഷം വോട്ടിനിട്ടുപാസാക്കിയെടുക്കുകയും ചെയ്യുകയാണെന്നുവരികിൽ എന്നെയും എൻെറ പാർട്ടിയെയും സംബന്ധിച്ചിടത്തോളം അതിനെ എതിർക്കാൻ യാതൊരു ന്യായവും കാണുന്നില്ല. ആ നിലയിൽ ഞാൻ ഈപ്രമേയം അവതരിപ്പിക്കുന്നതിന് അനുകൂലിക്കുകയാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, എൻെറ ഒരു വാക്കിൽപ്പിടിച്ചിട്ടു സഭാനേതാവ് വളരെയേറെ കസർത്തു നടത്തി. ഈ സമയത്തു വന്നതു യാദൃച്ഛികം എന്നാണു ഞാൻ പറഞ്ഞത്. സർ, ഇന്നു സംസാരിക്കുന്നതിനുവേണ്ടി സഭാനടപടികളിൽ എൻെറ പേരുണ്ട്. ബഡ്ജറ്റ് സംബന്ധിച്ചുള്ള വോട്ടിംഗിൻെറ ദിവസം യാദൃച്ഛികമായി വരികയും പോകുകയും ചെയ്യുന്നുണ്ടെങ്കിൽ അവർ അതിൻെറ ഫലം അനുഭവിക്കേണ്ടിവരും. അപ്പുറത്തിരിക്കുന്നവരും ശരി, ഇപ്പുറത്തിരിക്കുന്നവരും ശരി. ധനാഭ്യർത്ഥനയുടെ കാലത്തു വോട്ടിംഗ് നടക്കും. ആ വോട്ടിംഗ് നടക്കുന്ന അവസരത്തിൽ തോറ്റുപോയൽ തോറ്റുപോയ നിലയ്ക്ക്, പിന്നെ ചില കാലത്തെ കഥകളെക്കുറിച്ചെല്ലാം പറഞ്ഞു, രാജഗോപാലാചാരി മുതലായവരെപ്പറ്റിയൊക്കെ. അതിലൊന്നിലും തന്നെ ഇത്തരത്തിലുണ്ടായതായി എനിക്കറിവില്ല. അവസാനംപറഞ്ഞത് അജയ്മുക്കർജിയുടെ കാര്യമാണ്. അജയ്മുക്കർജി ഇന്ന ദിവസം രാജിവയ്ക്കാൻ പോകുകയാണ് എന്നുപറഞ്ഞു. രാജിവയ്ക്കാതിരിക്കാനുള്ള സൂത്രമാണ് ഇവിടെ. പിന്നെ ചരിത്രത്തിലൊന്നും ഉണ്ടായിട്ടില്ലാത്ത സംഭവമാണ് ഇവിടെ നടക്കുന്നത്. ഇക്കാലമത്രയും ഇന്നയിന്ന പാർട്ടിയുടെ പിന്തുണയുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് എന്നു പറയാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു മുഖ്യമന്ത്രി, നിയമസഭയിൽവച്ചു കാണാം എന്നു വെല്ലുവിളിച്ചിരുന്ന മുഖ്യമന്ത്രി, അങ്ങനെയാണെങ്കിൽ നിയമസഭയുടെ നടപടിക്രമമനുസരിച്ച് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുള്ള ഒരു ഐറ്റമാണ് ഇന്നത്തെ ധനാഭ്യർത്ഥന. ആ ധനാഭ്യർത്ഥനയുടെ വോട്ടിംഗിൽനിന്ന് എന്തെങ്കിലും മാറ്റംവരുത്തണമെന്ന് ഞങ്ങളോട് ആരും ചോദിച്ചിട്ടില്ല. അതിന്റെ സന്ദർഭത്തിനാണ് ഞാൻ ''യാദൃച്ഛികം'' പറഞ്ഞത്. പെട്ടെന്ന് ഒരു സമയത്ത് ചോദ്യോത്തരം കഴിഞ്ഞശേഷം ആർക്കും എന്തും ഉന്നയിക്കാമെന്നുള്ള അടിസ്ഥാനത്തിൽ വിശ്വാസവോട്ട്, സഭ നിറുത്തിവയ്ക്കാതിരിക്കുക എന്നെല്ലാം പറയുകയാണെങ്കിൽ അത് ഒരു സൂത്രക്കളിയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഭരണകക്ഷിക്കു ബുദ്ധിമുട്ടുണ്ടാകും. അതു ഞാൻ സമ്മതിക്കുന്നു. ബുദ്ധിമുട്ടെല്ലാം അനുഭവിക്കണം. അതാണു പാർലമെന്ററി ജനാധിപത്യമര്യാദ. വളരെ ലളിതമാണ് കാര്യം. നിശ്ചയിച്ച പരിപാടിയനുസരിച്ച് ഇന്നത്തെ വോട്ടിംഗ് നടത്തുക. ആ വോട്ടിംഗിൽ തോറ്റാൽ..... തോറ്റാലും തോൽവി അല്ല ജയം ആണെന്നുള്ളതിന് എന്താണെന്നുള്ള മാർഗ്ഗം നോക്കണം. പക്ഷേ ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചതനുസരിച്ചുള്ള നടപടിക്രമം തുടർന്ന് ഇന്നത്തെ വോട്ടു കഴിഞ്ഞിട്ടുവേണം വേറെ ഉള്ളതെല്ലാം. അതല്ലാതെ മറ്റു 'യാദൃച്ഛികം' ഒന്നുമില്ല. അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരുമെല്ലാം തയ്യാറായിരിക്കുകയാണ് ഇന്നത്തെ വോട്ടിംഗിന്. ആ വോട്ടിംഗിൽനിന്നു രക്ഷപ്പെടാൻ ഇതുമാതിരിയുള്ള സൂത്രവും വേണമോ?

മി. സ്പീക്കർ: ഇതിനെപ്പറ്റി പ്രസക്തമായി പാർട്ടിനേതാക്കൻമാരൊക്കെ പറഞ്ഞുകഴിഞ്ഞു.

ശ്രീ പി. എൻ. ചന്ദ്രസേനൻ: സർ, എനിക്ക് ഒരുകാര്യം പറയാനുണ്ട്.

മി. സ്പീക്കർ: നിർബന്ധമാണോ? നിർബന്ധമാണെങ്കിൽ പറയണം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കക്ഷിനേതാക്കൻമാരുടെയും അഭിപ്രായങ്ങളും വളരെ ശ്രദ്ധയോടുകൂടി ഞാനും എന്റെ ഗ്രൂപ്പിൽപ്പെട്ട ആളുകളും കേട്ടുകൊണ്ടിരിക്കുകയായിരുന്നു. വിവിധ രാഷ്ട്രീയകക്ഷികളുടെ ഭരണംകൊണ്ട് മനം മടുത്ത കേരളീയർ ഞങ്ങളെപ്പോലെയുള്ള ആളുകളും മുന്നോട്ടുവന്നു രാജ്യത്തെ രക്ഷിക്കണമെന്നു രണ്ടുമൂന്നു ദിവസമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരവസരത്തിൽ ഞാൻ ഞങ്ങളുടെ പോളിറ്റ് ബ്യൂറോയുടെതായ തീരുമാനങ്ങളും ഇവിടെ തമാശയിൽ പറഞ്ഞെങ്കിലും ഇപ്പോഴും കളി കാര്യമായി മാറാൻപോകുകയാണ്. അതുകൊണ്ട് ബിസിനസ് അഡ്വൈസറികമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുപോലെ ഈ സഭയുടെ നടപടികളും തുടർന്നുകൊണ്ടുപോകണം. മൂന്നുനാലു ദിവസത്തെ ചർച്ചയൊന്നും നീട്ടി താമസിപ്പിക്കേണ്ടയാവശ്യമില്ല. എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ എനിക്കു വളരെ സ്നേഹവും ബഹുമാനവുമുള്ള മുഖ്യമന്ത്രി വാസ്തവത്തിൽ എഴുന്നേറ്റുനിന്നുകൊണ്ടു ഞാൻ രാജിവച്ചിരിക്കുന്നു എന്നുപറഞ്ഞു പോകേണ്ടതാണ്. ഭൂരിപക്ഷമുള്ള ആളാണെങ്കിൽ ഗവർണ്ണരെ ബോധ്യപ്പെടുത്തി മന്ത്രിസഭ രൂപീകരിക്കട്ടെ. അതാണു ജനാധിപത്യമര്യാദ. അല്ലെങ്കിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും സഭ സാങ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതുമായ നടപടിതന്നെ നടത്തിക്കൊണ്ടുപോകേണ്ടതാണ്. എനിക്കും എന്റെ ഗ്രൂപ്പിൽപ്പെട്ടവർക്കും ഇന്നലെയും മിനിഞ്ഞാന്നുമായി ഞങ്ങളുടെ ഗ്രൂപ്പിലേക്കു വന്നവർക്കും ഉള്ള അഭിപ്രായം ഇതാണ്.

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നം എന്നെസംബന്ധിച്ചിടത്തോളം ബിസിനസ് അഡ്വൈസറികമ്മിറ്റി തീരുമാനിച്ച രീതിയിലുള്ള ബിസിനസ് നടക്കണമോ വേണ്ടയോ എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഇന്നത്തെ പരിതഃസ്ഥിതിയിൽ മുൻ നിശ്ചയമനുസരിച്ചുള്ള ബിസിനസ് നടത്താൻ ഗവൺമെന്റ് തയ്യാറല്ല എന്ന്. മറിച്ച് ഒരു കോൺഫിഡൻസ് മോഷൻ കൊണ്ടുവരാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ഒരു വസ്തുത ബഹുമാനപ്പെട്ട സഭ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. കോൺഫിഡൻസ് മോഷനോ നോ കോൺഫിഡൻസ് മോഷനോ കൊണ്ടുവരാൻ ഏതൊരു ബഹുമാനപ്പെട്ട മെംബർക്കും അവകാശമുണ്ട്. ഈ സഭയിൽ ആരും നോ കോൺഫിഡൻസ്മോഷൻ കൊണ്ടുവരാൻ പാടില്ലെന്ന് തീരുമാനമെടുക്കാൻ അവകാശമില്ല. അത് എതൊരു ബഹുമാനപ്പെട്ട മെംബറുടെയും മൗലികാവകാശമാണ്. ഈ മാതിരിയുള്ള പ്രമേയം സാധാരണരീതിയിലുള്ള പ്രമേയമല്ല. ഈ ഗവൺമെന്റ് ഭരിക്കണമോ വേണ്ടയോ എന്നുള്ള മൗലികമായ പ്രശ്നങ്ങളെസംബന്ധിക്കുന്ന പ്രമേയമായതുകൊണ്ടു സഭയ്ക്കുതന്നെയും ബഹുമാനപ്പെട്ട മെംബർമാർക്കുള്ള അവകാശത്തെ തടയാൻ അവകാശമില്ല. സ്പീക്കറെസംബന്ധിച്ചു പറഞ്ഞാൽ ഗവൺമെന്റ് ഡിമാൻഡ് മൂവുചെയ്യുകയില്ലെന്നുപറഞ്ഞാൽ മൂവു ചെയ്യാൻ നിർബന്ധിക്കാൻ അവകാശമില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഡാക്ടർ ജോർജുതോമസും ഇതിന്റെ ഔചിത്യം എത്രത്തോളമുണ്ടെന്നുള്ളതിനെ സംബന്ധിച്ച് ചില അഭിപ്രായങ്ങളെല്ലാം പറഞ്ഞു. ഈ അഭിപ്രായങ്ങളെ സംബന്ധിച്ച് എനിക്ക് ഒന്നും പറയുവാനില്ല. എന്നെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ധനാഭ്യർത്ഥന എടുക്കുന്നില്ലെന്നു പറഞ്ഞാൽ മൂവു ചെയ്യിക്കാനുള്ള യാതൊരു അവകാശവും ഇല്ല. ഇപ്പോഴും ഈ പ്രമേയം മൂവു ചെയ്യിക്കാൻ.....

മി. എം. രാമുണ്ണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഓർഡർ ഓർഡർ, ഞാൻ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോഴും പോയിന്റു ഓഫ് ഓർഡർറോ? പോയിന്റു ഓഫ് ഓർഡറിന് റൂളിംഗ് കൊടുക്കേണ്ടത് ആരാണ്?

നിർബന്ധിപ്പിച്ച് അവതരിപ്പിക്കുവാൻ സ്പീക്കർക്ക് യാതൊരു അവകാശവും ഇല്ല. ഒരു മെമ്പർ നോ കാൺഫിഡൻസ് കൊണ്ടു വരരുത് എന്നു പറയാൻ അവകാശമില്ല, കാൺഫിഡൻസ് കൊണ്ടുവരരുത് എന്നു പറയുവാനും അവകാശമില്ല. ഇന്നത്തേക്കു നിശ്ചയിച്ചിരിക്കുന്ന ബിസിനസ് നടത്തുവാൻ ഗവൺമെണ്ട് തയാറല്ല എന്നു പറഞ്ഞാൽ നടത്തിയേതീരൂ എന്നു പറയുവാൻ എനിക്കവകാശമില്ല. ആ നിലയ്ക്ക് ഇനി ഒരു പോംവഴിയുള്ളത്, വിശ്വാസപ്രമേയം എന്ന് ചർച്ച ചെയ്യാം എന്നുള്ളകാര്യത്തെപ്പറ്റിയുള്ളതു മാത്രമാണ്. ഒന്നുകിൽ സഭയാകെച്ചേർന്ന് തീയതി നിശ്ചയിക്കാം. അല്ലെങ്കിൽ സഭയുടെ ബിസിനസ് അഡ്വൈസറി കമ്മിറ്റി വിളിച്ചുകൂട്ടി ഏറ്റവും പ്രധാനമായി ഈ സഭയുടെ മുമ്പിൽ വന്നിരിക്കുന്ന ഈ പ്രമേയം വോട്ടിനിടുന്ന തിന് എന്നാണ് തീയതി എന്നു ആലോചിച്ച് തീരുമാനിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ഒരു മെമ്പർക്ക് ഏതവസരത്തിലും ഒരു നോ കാൺഫിഡൻസ് മോഷനോ കാൺഫിഡൻസ് മോഷനോ കൊണ്ടുവരുന്നതിനും അവകാശമുണ്ട്; അത് ആർക്കും നിഷേധിക്കാൻ സാധ്യമല്ലെന്നാണ്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയാണ് ഇവിടെ വിശ്വാസപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹം ഈ സഭയിലെ ഒരു മെമ്പറല്ല. സഭയിലെ ഒരു മെമ്പർക്കു മാത്രമേ ഇത്തരത്തിലുള്ള അവകാശമുള്ളൂവെന്ന് ബഹുമാനപ്പെട്ട സ്പീക്കർ വളരെ സ്പഷ്ടമായി പറഞ്ഞസ്ഥിതിക്ക് സഭയിലെ മെമ്പറല്ലാത്ത മുഖ്യ മന്ത്രിക്ക് ഇത്തരത്തിൽ ഉള്ള ഒരു വിശ്വാസവോട്ട് തേടുന്നതിനുള്ള അവകാശം ഉണ്ടോ? അത് ഓർഡറിലാണോ?

മി. സ്പീക്കർ: നിയമസഭാ മെമ്പറല്ലാത്ത ആളിനു മുഖ്യമന്ത്രി യാകാം എന്നു വ്യവസ്ഥയുണ്ട്. ആ ആളിന് സഭയിൽ വോട്ടുചെയ്യുന്ന കാര്യത്തിലൊഴിച്ചു സഭയിലെ ഒരു മെമ്പർക്കുള്ള മറ്റുള്ള അവകാശങ്ങളെല്ലാം ഉണ്ട്. അതിലൊന്നും കയറി തർക്കിക്കേണ്ട കാര്യമില്ല.

ശ്രീ. എസ്. ദാമോദരൻ: വോട്ടവകാശം ഇല്ലാത്ത ഒരാളിനു ഒരു പ്രമേയം മൂവു ചെയ്യാമോ?

ശ്രീ. കെ. പി. ആർ. ഗോപാലൻ: സർ, ഒരു സബ്മിഷൻ. മുഖ്യമന്ത്രിതന്നെ ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കുവാൻ ഇടയായ സ്ഥിതിക്ക് വിശ്വാസം ഉണ്ടോയെന്നു സംശയം ജനിപ്പിക്കുന്ന സ്ഥിതിക്കും മെമ്പറല്ലാത്തസ്ഥിതിക്കും മുഖ്യമന്ത്രിക്ക് രാജി സമർപ്പിക്കാമല്ലോ?

മി. സ്പീക്കർ: അദ്ദേഹം രാജിവയ്ക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു ഞാനല്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, അങ്ങു പറഞ്ഞു ആർക്കുവേണ മെങ്കിലും എപ്പോഴും വേണമെങ്കിലും വിശ്വാസപ്രമേയം കൊണ്ടുവരാമെന്ന്, റൂൾ 62-ൽ പറയുന്നത്: The member asking for leave must leave with the Secretary a written notice of the motion which he proposes to move three clear days before the date on which he proposes to move it.

മി. സ്പീക്കർ: നോ കാൺഫിഡൻസ് മോഷനാണ് ഈ റൂൾ.

ശ്രീമതി കെ. ആർ. ഗൗരി: കാൺഫിഡൻസ് മോഷൻ മൂവ് ചെയ്യാൻ അനുവദിക്കുന്നതിനു മൂന്നു ദിവസം വേണം.

Shri K. M. Mani: Sir, three clear days.....

Mr. Speaker: Order, order.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങു പറഞ്ഞിട്ടാണ് ഞാൻ സംസാരി ക്കുന്നത്. ശ്രീ മാണിയുടെ ഇടപെടൽ ഒന്നു കുറയ്ക്കണം. റൂൾ 62 അനുസരിച്ച പ്രമേയമാണെങ്കിൽ മൂന്നു ദിവസത്തെ നോട്ടീസു വേണം. അല്ലാതെ കാര്യമില്ല. സഭയുടെ പരിപാടികളും മെമ്പർമാരെല്ലാവരുംകൂടി തീരുമാനിച്ചതു മാറണമെന്നു പറയുന്നതു ശരിയല്ല. എപ്പോഴും വേണ മെങ്കിലും സ്പീക്കർക്ക് റൂൾ വേയ്വ് ചെയ്യാൻ അവകാശമില്ലെന്നല്ല. റൂൾ വേയ്വ് ചെയ്യാൻ അവകാശം ഉണ്ടായിരിക്കാം. ഈ വിധത്തിലുള്ള നടപടി ഇന്നത്തെ നിലയിൽ അശാസ്യമല്ല എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Motion of No-confidence in Ministers and Resolution for removal of Speaker or Deputy Speaker from office.—

All these rules relate to a motion of confidence also.

പിന്നെ ഗൗരിയമ്മതന്നെ സമ്മതിച്ചതുപോലെ സ്പീക്കർക്ക് അധികാരമുണ്ട്.

ഏതായാലും പത്തുമണിക്ക് ബിസിനസ് അഡ്വൈസറിക്കമ്മിറ്റികൂടി അതിനുശേഷം ഭാവിയിൽ എന്താണു ചെയ്യേണ്ടതെന്നു തീരുമാനമെടുക്കാമല്ലോ? അതിനുശേഷം സഭ എപ്പോഴാണു കൂടേണ്ടതെന്ന് സഭയെ അറിയിച്ചാൽ മതിയോ, കമ്മിറ്റി പിരിഞ്ഞ ഉടനെ വീണ്ടും ഇവിടെ കൂടണമോ?

[ശ്രീ. ബി. വെല്ലിംഗ്ടൺ: ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയതിനുശേഷം ഇന്നുതന്നെ ഇപ്പോഴത്തന്നെ കൂടേണ്ടതാണ്. നോ കാൺഫിഡൻസ് മോഷൻ അവതരിപ്പിക്കുന്നതിന് മൂന്നുദിവസത്തെ ലീവ് ആവശ്യമുണ്ടോ എന്നുള്ളതിനെപ്പറ്റി അങ്ങ് ഒന്നും പറഞ്ഞില്ല. അങ്ങയുടെ ഭാഗത്തുനിന്നും യാതൊരു റൂളിംഗും ഉണ്ടായില്ല.

Mr. Speaker: The Business Advisory Committee will meet at 10'o Clock.

എന്റെ മുമ്പിൽ യാതൊരു ബിസിനസും ഇല്ല. ഇന്ന് ഷെഡ്യൂൾ ചെയ്തിരിക്കുന്ന ബിസിനസ് നടത്താൻ ഗവൺമെണ്ട് തയാറല്ലെന്നും പറഞ്ഞു. പിന്നെ ഗവൺമെണ്ടിന് കാൺഫിഡൻസ് മോഷൻ കൊണ്ടുവരുന്നതിന് എന്താണ് impropriety?

[ശ്രീമതി കെ. ആർ. ഗൗരി: നിർബന്ധിക്കുന്നതിനു തെളിവാണ് ഇതെല്ലാം.

Mr. Speaker: The Committee will meet at 10'O Clock. Now it is 9.40.

അതുകഴിഞ്ഞിട്ട് ബിസിനസ് അഡ്വൈസറി കമ്മിറ്റി എന്തുതീരുമാനിച്ചുവെന്ന് എല്ലാ മെമ്പർമാരെയും നോട്ടീസു മുഖാന്തിരം അറിയിച്ചാൽ മതിയോ?

[ശ്രീ. ടി. വി. തോമസ്: ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുന്നത് ഈ [പമേയത്തെപ്പറ്റി ചർച്ച വേണമോ എന്നുള്ളതിനാണ്. രാത്രി ഒമ്പതുമണിക്ക് ഇരുന്നിട്ട് പത്തുമണിക്ക് പാർലമെന്റ് കൂടുന്നുണ്ട്. പിന്നെയാണോ?

മി. സ്പീക്കർ: ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയതിനു ശേഷം എല്ലാ മെമ്പർമാരെയും നോട്ടീസ് മുഖാന്തിരം വിവരം അറിയിക്കുന്നതാണ്.

[ശ്രീ. ജോസഫ് ചാഴിക്കാടൻ: ബിസിനസ് അഡ്വൈസറിക്കമ്മിറ്റി കൂടിയതിനുശേഷം വിവരം ഒന്ന് അറിയിച്ചാൽ മതി. വീട്ടിൽ പോകാമല്ലോ?

Mr. Speaker: I cannot undertake any responsibility for whatever decision the Business Advisory Committee may take.

കമ്മിറ്റി എന്താണ് തീരുമാനിക്കുന്നതെന്ന് നേരത്തെ പറയുവാൻ നിവൃത്തിയില്ല. That is for the Committee to decide.

അതുകൊണ്ടാണ് ഞാൻ പറഞ്ഞത് എനിക്ക് തീരുമാനിക്കാൻ നിവൃത്തിയില്ല. സ്പീക്കർക്കു തീരുമാനിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുകയാണെങ്കിൽ കമ്മിറ്റിതീരുമാനിച്ച റിപ്പോർട്ട് നിയമസഭയിൽ വയ്ക്കാറുണ്ട്. നോട്ടീസും വാങ്ങിച്ച് എല്ലാവരും വീട്ടിൽ പോകണമെന്നാണോ?

മി. സ്പീക്കർ: അതുകൊണ്ടാണ് സഭയുടെ സമ്മതം ചോദിച്ചത്. ഞാൻ ഏകാധിപതിയായിട്ടൊന്നുമല്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയതിനുശേഷം ഞാൻ എല്ലാവരെയും അറിയിക്കാം. എപ്പോഴാ സഭ കൂടണമെന്നു പറഞ്ഞാൽ അപ്പോഴാ കൂടുന്നതിന് എനിക്കു ഇഷ്ടമാണ്. ഗൗരിയമ്മ അങ്ങനെയൊന്നും വിചാരിക്കരുത്.

ശ്രീ. ബി. വെല്ലിംഗ്ടൺ: ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയതിനുശേഷം അതിന്റെ തീരുമാനം എന്താണെന്ന് ഈ സഭയിൽ ചർച്ച ചെയ്യാൻവേണ്ടി പതിനൊന്നു മണിക്കു കൂടണം സർ.

ശ്രീ. ടി. വി. തോമസ്: ഈ സഭ ഈ അവസരത്തിൽ 23-ാം തീയതി തിങ്കളാഴ്ച കൂടിയാൽ മതി.

(സഭയിൽ ബഹളം)

ശ്രീ. ടി. കെ. ദിവാകരൻ: അസാധാരണ പരിതസ്ഥിതിയിൽ ഭൂരിപക്ഷം വച്ച് ചെയ്ത സഭാനടപടിക്രമത്തിൽ മാറ്റം വരുത്തി ചില പുതിയ നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുവാനുള്ള അവകാശം സഭാനേതാവിന് ഉള്ളതാണ്. അതു ഉപയോഗിച്ച് ഞാൻ പറയുകയാണ്. ഇന്നത്തെ ഔദ്യോഗികപരിപാടികൾ നടത്തി കൊണ്ടുപോകുന്നതിനുള്ള പ്രയാസത്തെപ്പറ്റി മുഖ്യമന്ത്രി വിശദീകരിച്ചു. ആ നിലയ്ക്ക് ബിസിനസ് അഡ്വൈസറി കമ്മിറ്റി ഇന്നുതന്നെ കൂടുകയും ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ നിശ്ചയം എന്താണെന്ന് ബുള്ളറ്റിൻ വഴി മെമ്പറൻമാരെ അറിയിച്ച് തിങ്കളാഴ്ച കൂടുന്നതിനു സഭ മാറ്റി വയ്ക്കുകയും ചെയ്യണമെന്ന് ആണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിലേക്കാവശ്യമായ അങ്ങയുടെ പ്രത്യേകമായ അധികാരമുപയോഗിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: പത്തുമണിക്ക് ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയാൽ പതിനൊന്നിനോ പതിനൊന്നരയ്ക്കോ തീരും. അതു കഴിഞ്ഞാൽ ഉടനെതന്നെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം സഭയുടെ മുമ്പിൽ വയ്ക്കണമെന്നാണ് ഞങ്ങൾ പറയുന്നത്.

ശ്രീ. കെ. എം. ജോർജ്: അതിന്റെ യാതൊരാവശ്യവുമില്ല. ബിസിനസ് അഡ്വൈസറികമ്മിറ്റി കൂടിയതിനുശേഷം ബഹുമാനപ്പെട്ട മെമ്പർമാരെ അറിയിച്ചാൽ മതിയാകും.

ഡോക്ടർ ജോർജുതോമസ്: ബിസിനസ് അഡ്വൈസറി കമ്മിറ്റി ഉടനെതന്നെ കൂടിയിട്ട് അതിന്റെ തീരുമാനം ഈ സഭയിൽ ഉടനെതന്നെ അറിയിക്കുന്നതായിരിക്കും നല്ലത്. ഇതിനുമുമ്പുതന്നെ ഒരു സന്ദർഭത്തിൽ സഭ പലതവണ കൂടുകയും അഡ്ജോൺ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ബിസിനസ് അഡ്വൈസറികമ്മിറ്റി കൂടിയിട്ടു തീരുമാനം ഇന്നുതന്നെ സഭയെ അറിയിക്കണം. സഭയിൽ അംഗങ്ങളും ഒരുമിച്ചു കൂടുന്നതിനെ ഭയപ്പെട്ടിട്ടു കാര്യമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ബിസിനസ് അഡ്വൈസറി കമ്മിറ്റി ഉടനെതന്നെ കൂടുക, എന്നിട്ട് തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ വെള്ളിയാഴ്ചയോ എന്നു കൂടാമെന്ന് ഒന്ന് അറിയിച്ചാൽ മതി.

ശ്രീ. ബി. വെല്ലിംഗ്ടൺ: നിഷ്പക്ഷമായി ഇരിക്കേണ്ട സ്പീക്കർ ഭൂരിപക്ഷം നഷ്ടപ്പെട്ട മന്ത്രിസഭയെ നിലനിറുത്തുവാൻ വേണ്ടി ശ്രമിക്കുന്നുവെന്നുള്ള അപവാദം ഉണ്ടാകാതിരിക്കാൻവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞപോലെ വീണ്ടും കൂടുന്നത് സ്പീക്കറുടെ ഉന്നതമായ പദവിക്കു നല്ലതാണെന്നുള്ളതുകൊണ്ട് ആ തീരുമാനം എടുക്കണം.

ശ്രീ. കെ. എം. മാണി: സ്പീക്കർക്കെതിരെ ഉള്ള ഭീഷണിയാണ്.

മി. സ്പീക്കർ: എന്റെ പദവിയെപ്പറ്റി ബഹുമാനപ്പെട്ട വെല്ലിംഗ്ടനു മതിപ്പു ഉണ്ടായതിൽ എനിക്ക് അദ്ദേഹത്തോട് വളരെ നന്ദിയുണ്ട്. എന്തായാലും എന്നെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളിലെല്ലാം പരിപൂർണ്ണമായ നിഷ്പക്ഷതയല്ലാതെ വേറെയാതൊന്നും എനിക്കില്ല. അതുകൊണ്ടാണു ഞാൻ പറഞ്ഞതു സഭ എപ്പോഴും കൂടണമെന്നു പറഞ്ഞാൽ അപ്പോഴും കൂടാം. നാളെ കൂടണമെന്നു പറഞ്ഞാൽ നാളെ കൂടാം. സഭയുടെ അഭിപ്രായമല്ലാതെ മറ്റാരുടേയും അഭിപ്രായം അംഗീകരിക്കേണ്ട ആവശ്യമില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയിട്ട് വീണ്ടും സഭ കൂടണമെന്നു പറഞ്ഞാൽ എനിക്കു വേറെ അഭിപ്രായമൊന്നുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം അറിയിക്കുന്നതിനു മാത്രമായി എപ്പോഴും കൂടണമെന്നു നിശ്ചയിക്കാം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: എന്തിനായിരിക്കും സഭ കൂടുന്നതെന്ന് സഭയായിരിക്കും തീരുമാനിക്കുന്നത്. ബിസിനസ് അഡ്വൈസറികമ്മിറ്റിയുടെ റിപ്പോർട്ടുകിട്ടിയിട്ട് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകൃതമായ തീരുമാനമെടുക്കുവാൻ സഭയ്ക്കുള്ള അധികാരത്തെ സഭാനേതാവ് ഇപ്പോഴും ചോദ്യം ചെയ്യരുത്.

ശ്രീ. ടി. കെ. ദിവാകരൻ: ഞാൻ പറഞ്ഞതു ബഹുമാനപ്പെട്ട സ്പീക്കർ ബിസിനസ് അഡ്വൈസറികമ്മിറ്റിയുടെ തീരുമാനം അറിയിക്കുന്നതിനുവേണ്ടി പറഞ്ഞതാണ്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനമറിയിക്കുന്നതിനുവേണ്ടി നമുക്കു കൂടാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അസാധാരണ പരിതഃസ്ഥിതിയിൽ കൊണ്ടുവന്നിരിക്കുന്നുവെന്നാണല്ലോ പറഞ്ഞത്. ആ പരിതഃസ്ഥിതിയിൽ സഭ നിറുത്തിവച്ച് കമ്മിറ്റി കൂടി, കമ്മിറ്റിയുടെ തീരുമാനം അറിയിക്കാൻ വേണ്ടിയിട്ട് അന്നുതന്നെ അറിയിക്കുന്നതരത്തിൽ പല അവസരത്തിലും നടന്നിട്ടുള്ളതാണ്. അതുകൊണ്ടു ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുന്നതിനു സമയം നിശ്ചയിച്ച് അതു കഴിഞ്ഞ് ആ തീരുമാനം സഭയുടെ മുമ്പാകെ വയ്ക്കുകയാണു വേണ്ടത്.

ശ്രീ. ടി. കെ. ദിവാകരൻ: ആ കാര്യമാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The Business Advisory Committee can meet at 10.10 a. m. We will meet again at 12.30 p. m.

The Assembly adjourned at 9.50 a. m. and met again at 12.30 p.m.

മി: സ്പീക്കർ: ഓഡർ, ഓഡർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വിശ്വാസപ്രമേയം കൊണ്ടുവരാൻ അനുവാദം ചോദിച്ചിരിക്കുകയാണ്. ഈ വിശ്വാസപ്രമേയത്തെസംബന്ധിച്ച് എന്താണു നാം ചെയ്യേണ്ടത്. എപ്പോഴാണ് അതിനെപ്പറ്റി ചർച്ച ചെയ്യേണ്ടത് മുതലായ കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കാൻ ഈ സഭയിലെ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയും ബഹുമാനപ്പെട്ട പാർട്ടിനേതാക്കൻമാരുമായി ഞാൻ കൂടിയാലോചന നടത്തി. വിശ്വാസപ്രമേയം ഉന്നയിക്കുന്ന നടപടിക്രമത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടുണ്ട്. അതിനെപ്പറ്റി നിഷ്കൃഷ്ടമായ ഒരു റൂളും നമ്മുടെ നടപടിക്രമത്തിൽ ഇല്ല. ആ നിലയ്ക്കു പൊതുവേ പറഞ്ഞാൽ അവിശ്വാസപ്രമേയം അവതരിപ്പിക്കേണ്ടതായ റൂളിൽ വേണമെന്നു തോന്നുന്ന ഭേദഗതികളോടു കൂടി ഉപയോഗിക്കാവുന്നതാണെന്ന അഭിപ്രായഗതിയാണ് എനിക്കുള്ളതും ഉണ്ടായിരുന്നതും. ഏതായാലും അതിനെസംബന്ധിച്ച് കുറെക്കൂടി പഠിച്ച്, അവഗാഢമായി ചിന്തിച്ച് ഒരു റൂളിംഗ് നൽകാമെന്നു ഞാൻ പ്രസ്താവിക്കുകയാണ്.

ഈ വിശ്വാസപ്രമേയം എപ്പോഴാണ് ചർച്ച ചെയ്യേണ്ടത്, എത്ര ദിവസം ചർച്ച ചെയ്യണമെന്നുള്ളതിനെസംബന്ധിച്ചു ഞങ്ങളും കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. ഖേദപൂർവ്വം എനിക്കു സഭയെ അറിയിക്കുവാനുള്ളത് ഈ വിശ്വാസപ്രമേയം എന്നു ചർച്ചചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അഭിപ്രായ ഐക്യത്തിൽ എത്താൻ ബഹുമാനപ്പെട്ട പാർട്ടി നേതാക്കൻമാർക്കു കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. അങ്ങനെ ഈ സംഗതിയിൽ ഒരു തീരുമാനം എടുക്കുന്നതാണ്. ആ കർത്തവ്യം വളരെ വേദനയോടുകൂടി ഞാൻ നിർവഹിക്കേണ്ടിവന്നിരിക്കുകയാണ്. കമ്മിറ്റി മീറ്റിംഗിൽ പല അഭിപ്രായങ്ങളും പൊന്തിവന്നു. ഒരു അഭിപ്രായം നാളെയും മറ്റെന്നാളും അതായത് പത്തൊൻപതാം തീയതി രാവിലെയും വൈകുന്നേരവും, ഇരുപതാംതീയതി ഉച്ചവരേയും ഇതിനെപ്പറ്റി ചർച്ച ചെയ്യാമെന്നതായിരുന്നു. ഇരുപത്തി മൂന്നാംതീയതി, രാവിലെയും ഉച്ചയ്ക്കും, ഇരുപത്തി നാലാംതീയതി ഉച്ചവരേയും ചർച്ച ചെയ്തു തീരുമാനം എടുക്കാമെന്ന് മറ്റൊരു അഭിപ്രായഗതിയും, ഇരുപതാം തീയതി രാവിലെയും ഉച്ചയ്ക്കും, ഇരുപത്തിമൂന്നാം തീയതി ഉച്ചവരെയും ചർച്ച ചെയ്തു തീരുമാനം എടുക്കാമെന്നു മറ്റൊരു അഭിപ്രായഗതിയും ഉണ്ടായി. ഇങ്ങനെ പല അഭിപ്രായഗതിങ്ങളും ബലമായി പ്രകടിപ്പിക്കപ്പെട്ടു. ഒരു യോജിപ്പിൽ എത്താൻ കഴിഞ്ഞിട്ടില്ല. ആ നിലയ്ക്ക് ഞാൻ ഒരു തീരുമാനം എടുക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. ഞാൻ എടുക്കുന്ന തീരുമാനം, എല്ലാ കക്ഷികളുടേയും അഭിപ്രായഗതികളും പരിഗണിച്ചുകൊണ്ടുള്ള ഒന്നായിരിക്കുന്നതാണ്. എന്റെ തീരുമാനം ഈ സഭയിൽ വയ്ക്കുകയാണ്. മൂന്നു ദിവസത്തെ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചകൂടെ വേണമെന്നാണ് പൊതുവേ അഭിപ്രായപ്പെട്ടിട്ടുള്ളത്—അതായത് ഒരു ദിവസം രാവിലെയും വൈകുന്നേരവും അടുത്ത ദിവസം ഉച്ചവരേയും അങ്ങനെ പൊതുവേ മൂന്നുദിവസത്തെ ചർച്ച വേണമെന്നുള്ള അഭിപ്രായ ഗതിയാണ് ഉണ്ടായിട്ടുള്ളത്. ഏതായാലും സമയത്തെ സംബന്ധിച്ചിടത്തോളം ഒരു അഭിപ്രായ ഐകൃം ഉണ്ടായി. ആ നിലയ്ക്ക് 20—ാംതീയതിയും, 23—ാംതീയതിയും എന്നുള്ള അഭിപ്രായഗതിയും, 19—ാംതീയതിയും 20—ാം തീയതി എന്നുള്ള അഭിപ്രായഗതിയും കൂട്ടിച്ചേർത്തുകൊണ്ട് ഞാൻ എടുക്കുന്ന തീരുമാനം 20—ാംതീയതി അതായത് വെള്ളിയാഴ്ച രാവിലെ എട്ടു മണി മുതൽ പതിനഞ്ചര മണിവരെയും, 23—ാംതീയതി അതായത് തിങ്കളാഴ്ച രാവിലെ ഒൻപത് മണി മുതൽ ഒരു മണിവരെയും, ഉച്ചയ്ക്കു മൂന്നു മണി മുതൽ ആറുമണിവരേയും ഇതിന്റെ ചർച്ച നടത്താമെന്നാണ്. ആ തീരുമാനം ഈ സഭയിൽ എന്റെ ഒരു തീരുമാനമായി വയ്ക്കുകയാണ്.

സഭ ഇപ്പോൾ പിരിയുന്നതും മറേറന്നാൾ രാവിലെ എട്ടുമണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 12.35 p.m. to meet again at 8 a.m. on Friday, the 20th March, 1970.

LIBRARY ARCHIVES Kerala Legislative Assembly